**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4075

**16.12.2014**- ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിൽ ഡയറക്ടർമാരുടെ മക്കളുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ഡോ.കെ.ടി.ജലീൽ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) യും (ബി) യും<br><br>സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥയില്ല. |
| (സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഏതെങ്കിലും ഭരണ സമിതി അംഗങ്ങളുടെ മക്കളെ ജീവനക്കാരായി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഭരണസമിതി അംഗമായ ശ്രീ. മുഹമ്മദ് അലി എന്ന ആളുടെ മകളായ ശ്രീമതി. ഷംസീന എന്ന ആളെ ജീവനക്കാരിയായി നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇതിന്റെ നിജസ്ഥിതി രേഖാമൂലം ലഭ്യമാക്കാമോ ; | (ഡി) വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ 19.07.2012 ലെ 8(4) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ബാങ്കിൽ 4 ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിനോട് അപേക്ഷിക്കുവാൻ ബാങ്ക് ഭരണ സമിതി തീരുമാനമെടുത്ത് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് |

22.04.2013 ന് സി.എസ്.ഇ.ബി/എക്സാം/24/13 നമ്പരായി വിജ്ഞാപനം പുറപ്പെടുവിക്കുകയും 29.09.13 ന് എഴുത്ത് പരീക്ഷ നടത്തുകയും, 37 പേരടങ്ങുന്ന ലിസ്റ്റ് ഇൻർവ്യൂ നടത്തുന്നതിന് 13.11.2013 ലെ സി.എസ്.ഇ.ബി/ജെ.സി.27/13 നമ്പർ കത്ത് പ്രകാരം ബാങ്കിന് നൽകിയിരുന്നു. 21.12.2013 ന് രാവിലെ 11 മണിക്ക് ബാങ്ക് ഹെഡ്ഡാഫീസിൽ വെച്ച് ഇൻർവ്യൂ നടത്തുന്നതിനും, ആയതിനായി 5 പേരടങ്ങുന്ന ഉപസമിതിയെ നിയമിക്കുന്നതിനും 03.12.2013 ലെ ഭരണസമിതി 8(7) പ്രകാരം തീരുമാനിച്ചിരുന്നു. ശ്രീമതി. ഷംസീനയുടെ പിതാവായ ശ്രീ. മുഹമ്മദ് അലി എന്ന ഭരണസമിതി അംഗവും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു. 26 ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിന് ഹാജരാവുകയും 08.12.2013 ന് ചേർന്ന ഭരണസമിതി യോഗത്തിൽ ഇൻർവ്യൂ മാർക്ക് അംഗീകരിച്ച് ടി പട്ടിക 02.01.2014 ന് സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന് അയച്ച് കൊടുക്കുകയും ചെയ്തിരുന്നു. ശ്രീമതി. ഷംസീന.എൻ എന്ന ഉദ്യോഗാർത്ഥിക്ക് ഇൻർവ്യൂവിന് നൽകാവുന്ന പരമാവധി മാർക്ക് നൽകിയിട്ടുണ്ട്. സഹകരണ സർവ്വീസ് എക്സമാനിനേഷൻ ബോർഡ് 03.02.14 ന് സി.എസ്.ഇ.ബി/ജെ.സി 27/13 നമ്പർ കത്ത് പ്രകാരം കൺസോളിഡേറ്റഡ് ഫൈനൽ മാർക്ക് ലിസ്റ്റ് ബാങ്കിന് നൽകുകയും ചെയ്തിരുന്നു. 11.02.2014 ലെ 7(20) ഭരണ സമിതി തീരുമാന പ്രകാരം റാങ്ക് ലിസ്റ്റ് ബാങ്ക് അംഗീകരിച്ച്, സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന് നൽകുകയും ചെയ്തു. 20.02.2014 ന് സി.എസ്.ഇ.ബി/റാങ്ക് ലിസ്റ്റ് ജെ.സി/13 പ്രകാരം സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് റാങ്ക് ലിസ്റ്റ് അംഗീകരിച്ച് ബാങ്കിന് നൽകിയിരുന്നു. ടി റാങ്ക് ലിസ്റ്റിലെ രണ്ടാം നമ്പരുകാരിയായ ശ്രീമതി. എൻ. ഷംസീനയ്ക്ക് 11.03.2014 ന് നിയമന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 17.03.2014 ന് ജൂനിയർ ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ചു. ശ്രീമതി. എൻ ഷംസീന നിലവിൽ ബാങ്കിന്റെ തൊഴുവന്താർ ശാഖയിൽ ജോലി ചെയ്ത്

വരികയാണ്. ശ്രീമതി. എൻ. ഷംസീനയുടെ പിതാവ് 28.06.2010 ന് ചാർജ്ജെടുത്ത ഭരണസമിതി അംഗമാണ്. മേൽ നിയമനത്തിന് നടപടിക്രമങ്ങൾ സ്വീകരിച്ച സമയത്തും ടിയാൻ ടി ബാങ്കിലെ ഭരണസമിതി അംഗമായിരുന്നു. നിലവിലും ശ്രീ. മുഹമ്മദ് അലി വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ ഭരണസമിതി അംഗവും, ടിയാന്റെ മകൾ ടി ബാങ്കിലെ ജീവനക്കാരിയുമാണ്.

| | | | |
|---|---|---|---|
| (ഇ) | ഇത്തരമൊരു നിയമനം മേൽ ബാങ്കിൽ നടന്നുവെന്നുള്ളത് വസ്തുതാ പരമാണെങ്കിൽ ഡയറക്ടർ സ്ഥാനത്ത് നിന്ന്, നിയമനം ലഭിച്ച ജീവന ക്കാരന്റെ പിതാവിനെ അയോഗ്യ നാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ